B1/11010/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 19.05.2021

**<u>പരിപത്രം</u>**

വിഷയം:- കോ.വി.വ. - ജീവനക്കാര്യം -കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവരണാത്മക പരീക്ഷകളുടെ മൂല്യ നിർണ്ണയം നടത്തുന്നതിന് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള ഗവ. ആർട്സ് & സയൻസ് കോളേജുകൾ , ഗവ. ട്രെയിനിങ് കോളേജുകൾ , ഗവ.മ്യൂസിക് കോളേജുകൾ , ഗവ.സംസ്കൃത കോളേജുകൾ ,ഗവ .ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് എന്നീ സ്ഥാപനങ്ങളിലെ അധ്യാപകരെ വിട്ടു നൽകുന്നതിന് സ്ഥാപന മേധാവികൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്

സൂചന :- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 04.03.2021 തീയതിയിലെ AS (E )4343 / 2020 / OSM നമ്പർ അർദ്ധ ഔദ്യോഗിക കത്ത് .

*********

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവരണാത്മക പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നതിനായി സംസ്ഥാനത്തെ വിവിധ സർക്കാർ / എയ്ഡഡ് കോളേജ് അധ്യാപകരുടെ സേവനം തടസ്സം കൂടാതെ വിട്ടു നൽകണമെന്ന സർക്കാർ ഉത്തരവ് നില നിൽക്കെ ,ചില സ്ഥാപനങ്ങളിലെ സ്ഥാപന മേധാവികൾ അദ്ധ്യാപകരെ മൂല്യ നിർണ്ണയത്തിനായി വിട്ടു നല്കാൻ വൈമുഖ്യം കാണിക്കുന്നു എന്ന കാര്യം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. ടി വിഷയം വളരെ ഗൗരവകരമായതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വിവിധ തസ്തികകളുടെ മൂല്യനിർണ്ണയത്തിൽ പങ്കെടുക്കുന്നതിന് അധ്യാപകരെ വിട്ടു നൽകണമെന്നും മൂല്യ നിർണ്ണയത്തിന് പങ്കെടുക്കുന്ന അധ്യാപകർക്ക് ടി ദിവസങ്ങൾ **ഓൺ ഡ്യൂട്ടി ലീവ്** അനുവദിക്കണമെന്നും നിർദ്ദേശിക്കുന്നു.ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് ഗൗരവമായി വീക്ഷിക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും ആയിരിക്കും .

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 19.05.2021
Reason: Approved

*ഒപ്പ്/-*
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1). എല്ലാ സ്ഥാപന മേധാവികൾക്കും
2). ഡയറക്ടർ / അഡിഷണൽ ഡയറക്ടർ /ഡെപ്യൂട്ടി ഡയറക്ടർ /സീനിയർ എ ഒ -മാരുടെ സി.എ-മാർക്ക്
3). കരുതൽ ഫയൽ / നടപ്പ് ഫയൽ